# ബാല കേരളീയം

# മൊല്ലാക്കയുടെ കഥകൾ

ദരിദ്രരിൽ വെച്ച് ധനികനും പാമരന്മാരിൽവെച്ച് പണ്ഡിതനുമായിരുന്നു മൊല്ലാക്ക. അദ്ദേഹം ഇടപെടാത്ത മേഖലകളോ പരിഹരിക്കാത്ത പ്രശ്നങ്ങളോ ഇല്ല. അദ്ദേഹത്തിന് ആദിയോ അന്തമോ ഇല്ല. ഇന്ന ഭാഷയെന്നോ ഇന്ന വേഷമെന്നോ ഇല്ല. എന്നും എവിടെയും കാണുന്ന വികടബുദ്ധിയാകുന്നു മൊല്ലാക്ക. ഇതാ മൊല്ലാക്കയുടെ ജീവിതത്തിലെ ചില ഏടുകൾ.

## എട്ട്

മൊല്ലാക്കയുടെ വികടബുദ്ധിയെ അതേ നാണയത്തിൽ തന്നെ തറപറ്റിക്കണമെന്നു തോന്നി ഒരു സുഹൃത്തിന്. ഒരു ദിവസം മൊല്ലാക്കയെ സൗകര്യത്തിനു കിട്ടിയപ്പോൾ, ഇതുതന്നെ നല്ല തക്കം എന്നു കരുതി അയാൾ.



"നമുക്ക് ഹോട്ടലിൽ കയറി എന്തെങ്കിലും കഴിക്കാം" - സുഹൃത്ത് പറഞ്ഞു. മൊല്ലാക്ക സമ്മതിച്ചു.

സുഹൃത്ത് ഹോട്ടലിൽ കയറി പുഴുങ്ങിയ എട്ട് മുട്ടകൾക്ക് ഓർഡർ കൊടുത്തു. എന്നിട്ട് ഒരു കള്ളച്ചിരിയോടെ പറഞ്ഞു.

"സുഹൃത്തേ, കൊണ്ടുവരാൻ പോകുന്ന 8 മുട്ടകളിൽ പകുതി താനിക്കെടുക്കാം. ബാക്കി എനിക്ക്. ബിൽതുകയുടെ പകുതി താൻ തരണം. ബാക്കി ഞാനെടുക്കാം".

മൊല്ലാക്ക സമ്മതിച്ചു.

മുട്ട കൊണ്ടുവന്നപ്പോൾ സുഹൃത്ത് 5 മുട്ടയെടുത്ത് 3 മുട്ട മൊല്ലാക്ക നൽകി.

"ഇതെന്താണിങ്ങനെ?" - മൊല്ലാക്ക ചോദിച്ചു.

സുഹൃത്ത് ഒരു കടലാസിൽ 8 എന്ന് വലുതാക്കി എഴുതി. എന്നിട്ട് ഒരു ചെറിയ കത്രികയെടുത്ത് മൊല്ലാക്ക കാൺകെ 8നെ മുകളിൽ നിന്ന് താഴേക്ക് മുറിച്ചു. മുറിഞ്ഞുവീണ കഷണമെടുത്ത് മൊല്ലാക്കയെ കാണിച്ചു പറഞ്ഞു.

"കണ്ടോ, 8 ന്റെ പകുതി മൂന്നാണ്"

മൊല്ലാക്ക സമ്മതിച്ചു.

സുഹൃത്ത് ആർത്തു ചിരിച്ചു.

ഭക്ഷണം കഴിഞ്ഞ് പണം കൊടുക്കാറായപ്പോൾ സുഹൃത്ത് ബില്ലിന്റെ പകുതി പണം ചോദിച്ചു.

"പണം തരാൻ ബാദ്ധ്യസ്ഥനല്ല" മൊല്ലാക്ക പറഞ്ഞു.

"പക്ഷേ, പകുതി മുട്ടയുടെ വില നിങ്ങൾ തരാമെന്നു സമ്മതിച്ചതാണ്. വാക്കുമാറ്റരുത്" സുഹൃത്ത് ചൂടായി.

മൊല്ലാക്ക ഒരു കടലാസെടുത്ത് 8 എന്ന് വലുതാക്കി എഴുതി. എന്നിട്ട് സുഹൃത്തിന്റെ കത്രിക വാങ്ങി. വലത്തുനിന്ന് ഇടത്തോട്ട്, 8 ന്റെ നടുക്കുകൂടി മുറിച്ചു. എന്നിട്ട് മുറിഞ്ഞുവീണ കഷണങ്ങളെടുത്തു സുഹൃത്തിനെ കാണിച്ചുപറഞ്ഞു.

"കണ്ടോ. 8 ന്റെ പകുതി പൂജ്യമാണ്. അതുകൊണ്ട് ഞാൻ പണം തരേണ്ടതില്ലെന്നു വ്യക്തമാണല്ലോ".

സുഹൃത്ത് പരാജയം സമ്മതിച്ചു പിൻവാങ്ങി.

## പ്രസംഗം

മൊല്ലാക്ക അപാര പണ്ഡിതനാണെന്ന് ഒരു കൂട്ടർ. അയാൾ പമ്പര വിഡ്ഢിയാണെന്ന് മറ്റൊരു കൂട്ടർ. ഏതാണു ശരിയെന്നറിയാൻ അവരൊരു ഉപായവും കണ്ടെത്തി. മൊല്ലാക്കയെ ഒരു പ്രസംഗത്തിനു ക്ഷണിക്കുക.

മൊല്ലാക്ക ക്ഷണം സ്വീകരിച്ചു.

പറഞ്ഞദിവസം വേദിയിലെത്തി. പ്രസംഗം തുടങ്ങുംമുമ്പേ തന്നെ യാത്രാബത്ത വാങ്ങി കീശയിലാക്കി.

വേദിയിൽ കയറി മൊല്ലാക്ക ചോദിച്ചു

"ഞാൻ എന്തിനാണിവിടെ വന്നിരിക്കുന്നതെന്ന് നിങ്ങൾക്ക് അറിയാമെന്നു കരുതുന്നു".

"ഇല്ല" - സദസ്സ് മറുപടി പറഞ്ഞു.

"ഓഹോ. അതുപോലും ഊഹിക്കാനാവാത്ത ഒരു കൂട്ടം മനുഷ്യരോട് സംസാരിച്ചിട്ട് യാതൊരു കാര്യവുമില്ല" - മൊല്ലാക്ക ഇറങ്ങിനടന്നു.

അബദ്ധം മനസ്സിലാക്കിയ ആൾക്കാർ വീണ്ടും അടുത്തയാഴ്ച മൊല്ലാക്കയെ പ്രസംഗത്തിനു ക്ഷണിച്ചു. മൊല്ലാക്ക അന്നു ചെന്നു, ബത്ത വാങ്ങി, വേദിയിൽ കയറി.

"ഇപ്പോൾ ഞാനിവിടെ വന്നിരിക്കുന്നത് എന്തിനാണെന്ന് നിങ്ങൾക്കറിയാമെന്നു കരുതുന്നു".

"ഉവ്വ്" - കഴിഞ്ഞ തവണത്തെപ്പോലെ അബദ്ധം പറ്റാതിരിക്കാൻ സദസ്സ് പറഞ്ഞു.

"നന്നായി. അതറിയാവുന്ന നിങ്ങളോട് ഞാൻ വെറുതെ വീണ്ടും സംസാരിച്ചിട്ടു കാര്യമില്ല" മൊല്ലാക്ക ഇറങ്ങി നടന്നു.

ജനം വിട്ടില്ല. അവർ മൂന്നാമതും വേദിയൊരുക്കി മൊല്ലാക്കയെ വിളിച്ചു. മൊല്ലാക്ക പതിവ് ആവർത്തിച്ചു.

"ഞാനിത്തവണ വന്നതിന്റെ ഉദ്ദേശ്യം നിങ്ങൾക്കറിയാമെന്നു കരുതുന്നു."

"ഞങ്ങളിൽ ചിലർക്ക് അതറിയാം. ചിലർക്ക് അതറിയില്ല" - സദസ്സ് ബുദ്ധിപൂർവ്വം മറുപടി പറഞ്ഞു.

"എങ്കിൽ നിങ്ങളിൽ അക്കാര്യമറിയാവുന്നവർ അറിയാത്തവർക്കു പറഞ്ഞു കൊടുക്കുക. അതിനിടെ ഞാൻ ഇവിടെ നിൽക്കുന്നത് ഔചിത്യക്കുറവാണ്" - ഇത്രയും പറഞ്ഞ് മൊല്ലാക്ക നടന്നു.